# കേരള സർവകലാശാല

നം. പി.ആർ.108/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.ഫാം പരീക്ഷ

കേരള സർവകലാശാല ജൂലൈ 18-ന് തുടങ്ങുന്ന മൂന്നാം വർഷ ബി.ഫാം സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴയില്ലാതെ ജൂൺ 28 (50 രൂപ പിഴയോടെ ജൂൺ 30, 250 രൂപ പിഴയോടെ ജൂലൈ രണ്ട്) വരെ ഫീസ് അടയ്ക്കാം.

### ബി.ഫാം പരീക്ഷാകേന്ദ്രങ്ങൾ

കേരള സർവകലാശാല ജൂലൈയിൽ നടത്തുന്ന മൂന്നാം വർഷ ബി.ഫാം പരീക്ഷയ്ക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജ് കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ്, ചേർത്തല സെന്റ് ജോസഫ്സ് കോളേജ് ഓഫ് ഫാർമസി, പാറശ്ശാല ശ്രീകൃഷ്ണ കോളേജ് ഓഫ് ഫാർമസി എന്നിവിടങ്ങളിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി തിരുവനന്തപുരം മെഡിക്കൽ കോളേജ് കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസിലും പുനലാൽ ഡെയിൽവ്യൂ കോളേജ് ഓഫ് ഫാർമസി, നെയ്യാറ്റിൻകര എഴുത്തച്ഛൻ കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ്, മാർ ദിയോസ്കോറസ് കോളേജ് ഓഫ് ഫാർമസി എന്നിവിടങ്ങളിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി ശ്രീകാര്യം മാർ ദിയോസ്കോറസ് കോളേജ് ഓഫ് ഫാർമസിയിൽ പരീക്ഷയെഴുതണം.

### എം.എസ്സി പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന ഒന്നാം സെമസ്റ്റർ എം.എസ്സി കമ്പ്യൂട്ടർ സയൻസ് പരീക്ഷ കോഴിക്കോട് കെൽട്രോൺ ഐ.ടി കേന്ദ്രം, ആലപ്പുഴ യു.ഐ.ടി, കൊല്ലം യു.ഐ.ടി, പാളയം എസ്.ഡി.ഇ എന്നീ കേന്ദ്രങ്ങളിൽ ജൂൺ 27 മുതൽ നടത്തും. ആലപ്പുഴ എസ്.ഡി കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ആലപ്പുഴ യു.ഐ.ടിയിലും കൊല്ലം എഫ്.എം.എൻ കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ കൊല്ലം യു.ഐ.ടിയിലും തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജ് പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ടവർ പാളയം എസ്.ഡി.ഇ-യിലും പരീക്ഷയെഴുതണം. പരീക്ഷയ്ക്ക് ഓഫ്ലൈനായി അപേക്ഷിച്ചവരുടെ ഹാൾടിക്കറ്റ് അതത് കേന്ദ്രങ്ങളിൽ ലഭിക്കും.

### എം.ബി.എ പരീക്ഷാകേന്ദ്രങ്ങൾ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ജൂൺ 28-ന് തുടങ്ങുന്ന നാലാം സെമസ്റ്റർ എം.ബി.എ (2013-2015 ബാച്ച്) പരീക്ഷയ്ക്ക് തിരുവനന്തപുരം പാളയം എസ്.ഡി.ഇ, കൊല്ലം മുളങ്കാടകം യു.ഐ.ടി, ആലപ്പുഴ ചേർത്തല സെന്റ് മൈക്കിൾസ് കോളേജ്, തൃശ്ശൂർ ഇരിങ്ങാലക്കുട താരനല്ലൂർ ആർട്സ് ആൻഡ് സയൻസ് കോളേജ്, കോട്ടയം ഏറ്റുമാനൂർ എം.സി. വർഗ്ഗീസ് കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, കണ്ണൂർ മട്ടന്നൂർ കോൺകോർഡ് ആർട്സ് ആൻഡ് സയൻസ് കോളേജ് എന്നിവിടങ്ങളിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം.

## എം.ബി.ബി.എസ് ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ അവസാന വർഷ എം.ബി.ബി.എസ് (പാർട്ട് രണ്ട്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 15 വരെ അപേക്ഷിക്കാം.

## ബി.എ എൽ.എൽ.ബി ഫലം

കേരള സർവകലാശാല മാർച്ചിൽ നടത്തിയ ഒമ്പതാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് ബി.എ എൽ.എൽ.ബി (പഞ്ചവത്സരം) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 12 വരെ അപേക്ഷിക്കാം.

## യോഗ ദിനം : സെമിനാർ നടത്തി

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം, കാര്യവട്ടം വേദാന്ത പഠനകേന്ദ്രം, ഹോളിസ്റ്റിക്സ് ഹെൽത്ത് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ സംയുക്തമായി അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച് 'ജീവിതചര്യ രോഗങ്ങളുടെ നിയന്ത്രണത്തിൽ യോഗയുടെ പങ്ക്' എന്ന വിഷയത്തിൽ ഏകദിന സെമിനാർ കേരള ആരോഗ്യ സർവകലാശാല വൈസ് ചാൻസലർ ഡോ. എം.കെ.സി നായർ ഉദ്ഘാടനം ചെയ്തു. കേരള സർവകലാശാല പ്രോ-വൈസ് ചാൻസലർ ഡോ. എൻ വീരമണികണ്ഠൻ ആദ്ധ്യക്ഷം വഹിച്ചു.

അടിക്കുറിപ്പ്: ഫോട്ടോ ഇ-മെയിൽ ചെയ്തിട്ടുണ്ട്)



സർവകലാശാല മന്ദിരം,

തിരുവനന്തപുരം.

22.06.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098